## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3737 — 14.03.2017 — ൽ മറുപടിക്ക്

### റേഷൻ കാർഡ് പുതുക്കൽ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.ശർമ്മ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കാർഡ് പുതുക്കൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന വ്യക്തമാക്കാമോ; | (എ) | റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. 2017 മാർച്ച് മാസത്തോടുകൂടി വിതരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) റേഷൻ കാർഡുകൾ പുതുക്കുന്ന പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ലെന്നിരിക്കെ നിലവിൽ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട കാർഡുടമകൾക്ക് ഇതുവരെ കിട്ടിക്കൊണ്ടിരുന്ന റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും. | നിലവിലുള്ള റേഷൻകാർഡ് റദ്ദ് ചെയ്തിട്ടില്ല. അതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 01.11.2016 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കരട് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 5 കിലോഗ്രാം ഭക്ഷ്യ ധാന്യവും എ.എ.വൈ. വിഭാഗത്തിന് കാർഡൊന്നിന് 35 കി.ഗ്രാം ഭക്ഷ്യ ധാന്യവും 01.11.2016 മുതൽ നൽകിവരുന്നുണ്ട്. |
| (സി) പുതുക്കിയ റേഷൻ കാർഡുകൾ പ്രാബല്യത്തിലാകുന്നതുവരെ ഇതുവരെ ലഭിച്ചിരുന്ന രീതിയിൽത്തന്നെ റേഷൻ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ